"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം- മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) അധ്യാപക തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.130/2026/GEDN തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:-
1. 08.10.2003 തീയതിയിലെ സ.ഉ (സാധാ) നം. 4074/2003/പൊ.വി.വ
2. 25.02.2016 തീയതിയിലെ സ.ഉ (കൈ) നം. 46/2016/പൊ.വി.വ.
3. 30.09.2023 തീയതിയിലെ സ.ഉ (സാധാ) നം. 5656/2023/പൊ.വി.വ.
4. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടറുടെ 18.09.2025 തീയതിയിലെ HSE/3617/2023-Acd C3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ച് (കോഴ്സ് കോഡ് 39) അനുവദിച്ചിരുന്നുവെങ്കിലും തസ്തിക അനുവദിച്ചിരുന്നില്ല. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ലെ മാനേജർ സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ടി നിവേദനം നിരസിച്ചതിനെതിരെ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി നം.30434/2022 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും മാനേജരുടെ ആവശ്യം നിരസിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കുകയുമുണ്ടായി.

2) പരാമർശം (1) ഉത്തരവ് പ്രകാരം ഗവ. വി.എച്ച്.എസ്.എസ്. & എച്ച്.എസ്.എസ്. ഫോർ ഡഫ്, ജഗതി, തിരുവനന്തപുരം, ; സി.എസ്.ഐ. വി.എച്ച്.എസ്.എസ്. & എച്ച്.എസ്.എസ്. ഫോർ ഡഫ്, വാളകം കൊല്ലം; മണക്കാല എച്ച്.എസ്.എസ്. ഫോർ ഡഫ് & ഡംബ്, പത്തനംതിട്ട ; കാലിക്കട്ട് സ്കൂൾ ഫോർ ഹാൻഡിക്യാപ്ഡ്, കുളത്തറ, കോഴിക്കോട് എന്നീ 4 സ്കൂളുകളിൽ ഒരു ബാച്ചിലേയ്ക്കാവശ്യമായ മിനിമം, മാക്സിമം കുട്ടികളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടെന്നും ടി ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ് ലും തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് മാനേജർ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 24.05.2024 തീയതിയിൽ വീണ്ടും നേരിൽ കേൾക്കുകയുണ്ടായി.

3) കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16-ൽ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കോമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) എച്ച്.എസ്.എസ്.റ്റി (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി), എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എച്ച്.എസ്.എസ്.റ്റി.

(ഇക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (മലയാളം), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഇംഗ്ലീഷ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി) എന്നീ 6 അധ്യാപക തസ്തികകൾ സൃഷ്ടിയ്ക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) എച്ച്.എസ്.എസ്.റ്റി (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി), എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി എന്നീ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ, തിരുവനന്തപുരം.
മേഖലാ ഉപമേധാവി, മലപ്പുറം.
മാനേജർ, കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്, വാഴക്കാട് പി.ഒ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [22.07.2026-ലെ E:2427846/EDN-B1/197/2023-FIN പ്രകാരം]
പൊതുഭരണ (എസ്.സി.) വകുപ്പ് [29.07.2026-ലെ ഇനം നം.101 പ്രകാരം]
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Sobha D
Date: 01-08-2026
16:57:38
സെക്ഷൻ ഓഫീസർ

***പകർപ്പ്-*** *മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്*
*പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്*